# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

## പ്രവചന കാലയളവ് 07.02.2024 മുതൽ 11.02.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 06/2024, (11) ചൊവ്വാഴ്ച | തീയ്യതി 06/02/2024 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ജനുവരി 31 മുതൽ 2024 ഫെബ്രുവരി 06 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2024 ഫെബ്രുവരി 07 മുതൽ ഫെബ്രുവരി 11വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 31/01 | 01/02 | 02/02 | 03/02 | 04/02 | 05/02 | 06/02 | തീയ്യതി | | 07/02 | 08/02 | 09/02 | 10/02 | 11/02 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0 | 0 | 0 | 0 | 0 |
| 35.0 | 35.2 | 34.5 | 34.3 | 35.0 | 35.0 | 35.0 | ഉയർന്ന താപനില (°C) | | 35 | 35 | 35 | 35 | 35 |
| 22.2 | 22.7 | 22.3 | 23.1 | 23.4 | 22.4 | 22.6 | കുറഞ്ഞ താപനില (°C) | | 22 | 23 | 25 | 25 | 25 |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | AM | Cloudy | Clear | Clear | Clear | Clear | Partially cloudy |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | | PM | | | | | | |
| 83 | 96 | 95 | 93 | 68 | 76 | 78 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 84 | 84 | 84 | 86 | 86 |
| 45 | 47 | 53 | 47 | 37 | 34 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 33 | 33 | 33 | 38 | 38 |
| 3.4 | 2.2 | 1.7 | 1.4 | 3.5 | 5.3 | 4.6 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 2 | 2 | 2 | 4 |
| NNE | C | C | C | NNE | C | NNE | AM | SW | ESE | NW | NNW | S | ENE |
| SW | NW | SSW | NNE | NNE | ESE | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/01/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 124.1 | 124.1 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

**പൊതുനിർദേശങ്ങൾ:** കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കുക. വാഴക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിലെ ഈർപ്പം സംരക്ഷിക്കാൻ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | പോളരോഗം | നെല്ലിൽ കാണപ്പെടുന്ന പോളരോഗം നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകൊണാസോൾ മിശ്രിതം പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | മാണവണ്ട് | വാഴയിൽ മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി തോട്ടം ശുചിയായി സൂക്ഷിക്കുക. കൂടാതെ തയൊമെത്തോക്സാം 2 ഗ്രാം അല്ലെങ്കിൽ ഫിപ്രോനിൽ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി പിണ്ടിയിൽ തളിച്ചു കൊടുക്കുകയോ, തടത്തിൽ ഒഴിച്ച് കൊടുക്കുകയോ ചെയ്യാവുന്നതാണ്. |
| വെള്ളരി | മത്തൻവണ്ട് | കണിവെള്ളരി നടുന്ന സമയം ആണ്. മത്തൻ വണ്ടിനെ നിയന്ത്രിക്കുന്നതിനായി നടുന്ന സമയത്തു തടങ്ങളിൽ വേപ്പിൻപിണ്ണാക്ക് ഇട്ടുകൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം -: തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പശുക്കൾക്ക് സാംക്രമിക രോഗങ്ങൾക്ക് എതിരെയുള്ള കുത്തിവെയ്പുകൾ നൽകുക.കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധയേൽക്കാതെ സൂക്ഷിക്കുക. (CAADECCS, KVASU, Mannuthy).